പ്രസിദ്ധീകരണത്തിന്

തിരുവനന്തപുരം
തീയതി.03.11.2017

<u>പത്രക്കുറിപ്പ്</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട് ടൈം ശാന്തി തസ്തികയിലേയ്ക്കുള്ള കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് നടത്തിയ ഒ.എം.ആർ പരീക്ഷയിൽ വ്യാപകമായ തെറ്റുകൾ ഉണ്ടെന്ന് തൊഴിൽ വാർത്തയിൽ യോഗക്ഷേമസഭ, തിരുവനന്തപുരം ജില്ലയുടെതായി വന്ന ഒരു വാർത്ത ശ്രദ്ധയിൽപ്പെടുകയുണ്ടായി ഈ വാർത്തയിൽ വന്ന കാര്യങ്ങൾ എല്ലാം തന്നെ അടിസ്ഥാനരഹിതവും വസ്തുതാ വിരുദ്ധവുമാണ്.

പാർട്ട് ടൈം ശാന്തി പരീക്ഷയുടെ സിലബസ്സ് പ്രസിദ്ധീകരിച്ചിരുന്നില്ല എന്ന ആക്ഷേപം തെറ്റാണ്. ഈ പരീക്ഷയ്ക്കുള്ള സിലബസ്സ് നേരത്തെ തന്നെ തയ്യാറാക്കി റിക്രൂട്ട്മെൻറ് ബോർഡിന്റെ അന്നത്തെ വെബ് സൈറ്റായ www.kdrb.in-ൽ പ്രസിദ്ധീകരിക്കുകയും നോട്ടീസ് ബോർഡിലും മാദ്ധ്യമങ്ങളിലും ഇത് പരസ്യപ്പെടുത്തുകയും ചെയ്തു. 25.03.2017-ൽ നടന്ന ഒ.എം.ആർ ടെസ്റ്റിന്റെ അഡ്മിഷൻ ടിക്കറ്റിനൊപ്പം പരീക്ഷയ്ക്ക് 21 ദിവസം മുൻപു തന്നെ പ്രസ്തുത സിലബസ്സ് ഉദ്യോഗാർത്ഥികൾക്ക് അയച്ചു നൽകുകയും ചെയ്തിരുന്നു. പരീക്ഷയ്ക്കുള്ള സിലബസ്സ് പ്രസിദ്ധീകരിക്കുകയല്ലാതെ ഏത് പുസ്തകത്തിൽ നിന്നാണ് ചോദ്യങ്ങൾ ചോദിക്കുന്നത് എന്ന് പ്രസിദ്ധീകരിക്കാറില്ല.

കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് ചോദ്യപേപ്പർ തയ്യാറാക്കുന്നതിനും ഇന്റർവ്യു നടത്തുന്നതിനും കേരളത്തിലെ പ്രമുഖ തന്ത്രിമാരുടെ ഒരു പാനൽ തയ്യാറാക്കിയിരുന്നു. ഇവരിൽ നിന്നും ചോദ്യങ്ങൾ തയ്യാറാക്കി വാങ്ങിയാണ് പരീക്ഷ നടത്തിയത്.

ചോദ്യപേപ്പറിൽ തെറ്റുകൾ ഉണ്ടെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. 25.03.2017-ൽ നടന്ന ഒ.എം.ആർ പരീക്ഷയുടെ പ്രാഥമിക ഉത്തരസൂചിക 28.03.2017-ൽ റിക്രൂട്ട്മെൻറ് ബോർഡിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇതിൻമേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും 12.04.2017-നു മുൻപ് എഴുതി അറിയിക്കുവാനും ആവശ്യപ്പെട്ടിരുന്നു. ഒരു ഉദ്യോഗാർത്ഥി മാത്രമേ നിശ്ചിത തീയതിക്കുള്ളിൽ ആക്ഷേപം നൽകിയിരുന്നുള്ളൂ. ഈ പരാതി

വിദഗ്ധർക്കു നൽകി അവരിൽ നിന്നും ലഭിച്ച അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചോദ്യം റദ്ദു ചെയ്തു കൊണ്ടുള്ള അന്തിമ ഉത്തരസൂചിക 27.04.2017-ൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അന്തിമ ഉത്തരസൂചികയെ കുറിച്ച് ഒരു പരാതിയും ലഭിച്ചിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് മൂല്യ നിർണ്ണയം നടത്തി ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച്, ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്.

25.03.2017-ൽ നടന്ന പരീക്ഷയുടെ ചോദ്യപേപ്പറിനെക്കുറിച്ചുള്ള ആരോപണം പരീക്ഷ കഴിഞ്ഞ് ഏഴു മാസത്തിന് ശേഷം എല്ലാ നടപടികളും പൂർത്തിയാക്കി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം ഉന്നയിക്കുന്നതിൽ ദുരൂഹതയുണ്ട്. പരീക്ഷ കഴിഞ്ഞ് പ്രാഥമികഉത്തരസൂചിക പ്രസിദ്ധീകരിച്ചപ്പോഴോ, അന്തിമഉത്തരസൂചിക പ്രസിദ്ധീകരിച്ചപ്പോഴോ, ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച് അഭിമുഖം നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് എഴുതി അറിയിച്ച ഒഴിവുകളിലേയ്ക്ക് നിയമന ശുപാർശ നടത്തുന്നതു വരേയോ ഇല്ലാതിരുന്ന ആക്ഷേപങ്ങൾ സംവരണ ക്രമം പാലിച്ച് നിയമന ശുപാർശ നടത്തിക്കഴിഞ്ഞപ്പോൾ ഉന്നയിക്കുന്നതിൽ എന്തോ ഗൂഡലക്ഷ്യമുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പരാതിക്കാരായ യോഗക്ഷേമസഭയുടെ ഭാരവാഹികളും അംഗങ്ങളുമായ വിദഗ്ധർ ഈ തസ്തികയുടെ ചോദ്യപേപ്പർ തയ്യാറാക്കുക, ഉത്തരസൂചിക പരിശോധിക്കുക, ഇന്റർവ്യൂവിൽ ഉദ്യോഗാർത്ഥികളുടെ മികവ് പരിശോധിക്കുക തുടങ്ങിയ പല തെരഞ്ഞെടുപ്പ ഘട്ടങ്ങളിലും പങ്കാളികളാവുകയും ഇതിനുള്ള ബോർഡിൽ അംഗങ്ങളാവുകയും ചെയ്തിരുന്നു. അന്നൊന്നുമില്ലാത്ത ആരോപണമാണ് ഇപ്പോൾ ഉന്നയിക്കുന്നത്.

തികച്ചും സുതാര്യമായി കുറ്റമറ്റ നടപടി ക്രമങ്ങളിലൂടെയാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പാർട്ട് ടൈം ശാന്തി തസ്തികയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുന്നത്.

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്